"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി തിരുത്തി നൽകുന്നത് സംബന്ധിച്ച് ശ്രീമതി. ദീപ മാത്യു, ശ്രീമതി. ദിന്യ മാത്യു എന്നിവർ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

G.O.(Rt)No.420/2026/GEDN തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-
1. ശ്രീമതി.ദീപ മാത്യു, ശ്രീമതി. ദിന്യ മാത്യു എന്നിവർ സർക്കാരിലേക്ക് സമർപ്പിച്ച 12/11/2025-ലെ അപേക്ഷ.
2. പരീക്ഷാ കമ്മീഷണറുടെ 13/11/2025 തീയതിയിലെ സിഎ3/50879/2025/സി.ജി.ഇ-ലെ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി തിരുത്തി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.ദീപ മാത്യു, ശ്രീമതി. ദിന്യ മാത്യു എന്നിവർ സമർപ്പിച്ച അപേക്ഷ തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 21.11.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>

ഞങ്ങൾ രണ്ടുപേരും സഹോദരങ്ങളാണ്. ഞങ്ങളുടെ മാതാപിതാക്കൾ രണ്ട് ജാതിയിൽ പെട്ടവരായിരുന്നു. അമ്മ റോമൻ കത്തോലിക്ക വിഭാഗത്തിലും പിതാവ് ട്രൈബൽ വിഭാഗത്തിൽപെട്ട ക്രിസ്ത്യൻ മല അരയ സമുദായത്തിൽപെട്ട ആളുമായിരുന്നു. ഞങ്ങളുടെ ജനനശേഷം കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ പിതാവ് ഞങ്ങളെ ഉപേക്ഷിച്ചു പോവുകയും ഞങ്ങൾ അമ്മയോടൊപ്പം വളരുകയും അമ്മയുടെ സമുദായമായ റോമൻ കത്തോലിക്ക (Christian RCSC വിഭാഗത്തോട് ചേർന്ന് വളരുകയും ചെയതുവന്നവരാണ്. ഞങ്ങളുടെ എസ്.എസ്.എൽ.സി ബുക്കിൽ പിതാവിന്റെ ജാതിയായ ക്രിസ്ത്യൻ മലഅരയൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിന്നീട് ഞങ്ങളിൽ രണ്ടാമത്തെ ആളായ ദിന്യാമാത്യു ബി.എഡ് പഠനത്തിനായി സർക്കാരിൽ അപേക്ഷ വയ്ക്കുകയും ദിന്യാ മാത്യുവിന് അഡ്മിഷൻ അനുവദിക്കുകയും ചെയ്തിരുന്നു. പിന്നീട് അഡ്മിഷനായി സെന്ററിൽ എത്തിയപ്പോൾ സർട്ടിഫിക്കറ്റ് പരിശോധിച്ചവർ നിങ്ങൾക്ക് എസ്.ടി വിഭാഗത്തിൽ അഡ്മിഷൻ തരാൻ കഴിയില്ലെന്ന് അറിയിക്കുയായിരുന്നു. ഞങ്ങളുടെ മാതാപിതാക്കൾ പിരിഞ്ഞു താമസിക്കുന്നുവെന്നും ഞങ്ങൾ മാതാവിനോടൊപ്പം റോമൻ കത്തോലിക്കാ വിഭാഗത്തിൽപെട്ടവരാണെന്നും ആയതിനാൽ മല അരയൻ വിഭാഗത്തിൽ ഞങ്ങളെ

പെടുത്താനാവില്ലെന്നും പറഞ്ഞ് ഞങ്ങളുടെ അപേക്ഷ കിർത്താഡ്സ് വിജിലൻസ് വിഭാഗത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. അതേതുടർന്ന് ഞങ്ങൾക്ക് പട്ടിക വിഭാഗത്തിൽ തുടരാൻ അർഹതയില്ലെന്ന് അവർ കണ്ടെത്തുകയും ആയത് ഉത്തരവാക്കി കിർത്താഡ്സ് എല്ലാ സർക്കാർ ആഫീസുകളിലേക്കും, അയച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. അതേ തുടർന്ന് ഞങ്ങളെ റോമൻ കത്തോലിക്കരായി അംഗീകരിച്ച് എസ്.എസ്.എൽ.സി ബുക്കിൽ റോമൻ കത്തോലിക്ക എന്ന് രേഖപ്പെടുത്തി തരണം എന്ന് ആവശ്യപ്പെട്ട് ഞങ്ങൾ സർക്കാരിലേക്ക് അപേക്ഷിക്കുകയും ഞങ്ങളുടെ അപേക്ഷ അനുവദിച്ചു കൊണ്ട് ഞങ്ങളുടെ എല്ലാ അക്കാദമിക്ക് റിക്കാർഡുകളിലും തിരുത്തലുകൾ വരുത്താൻ അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

ഈ ഉത്തരവുമായി ഞങ്ങൾ പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണറെ സമീപിച്ചപ്പോൾ സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്താൻ കഴിയില്ലെന്ന മറുപടി പറഞ്ഞ് ഞങ്ങളെ തിരിച്ചയക്കുകയായിരുന്നു. അതേ തുടർന്ന് ഞങ്ങൾ കേരള ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തിട്ടുള്ളതും കഴിവതും നേരത്തെ, ഏറ്റവും കൂടിയാൽ രണ്ടുമാസത്തിനകം ആവശ്യപ്പെട്ട കാര്യങ്ങൾ നടത്തി കൊടുക്കാൻ കോടതി ഉത്തരവാകുയും ചെയ്തിട്ടുള്ളതാണ്. അതേതുടർന്ന് ഞങ്ങൾ വീണ്ടും ഹൈക്കോടതി ഉത്തരവുമായി പരീക്ഷാ ഭവനിൽ എത്തി അപേക്ഷ സമർപ്പിച്ചെങ്കിലും കോടതി ഉത്തരവോ, സർക്കാർ ഉത്തരവോ നടപ്പിലാക്കാൻ പരീക്ഷാഭവൻ തയാറാവാതിരിക്കുകയും അക്കാഡമിക്ക് രേഖകളിൽ തിരുത്തലുകൾ വരുത്താൻ പറ്റില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കുകയും എസ്.എസ്.എൽ.സി ബുക്കുകൾ തിരകെ അയച്ചുതരുകയും ചെയ്യുകയായിരുന്നു. വീണ്ടും പരീക്ഷാ ഭവനിലെ മറ്റൊരു ഉദ്യോഗസ്ഥന്റെ നിർദേശാനുസരണം ജാതി തിരുത്തുന്നതിനുള്ള സർക്കാർ ഉത്തരവും കോടതി ഉത്തരവും കാണിച്ച് ഞങ്ങൾ ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത രേഖകൾ ഉൾപ്പടെ വീണ്ടും പരീക്ഷാ ഭവനിൽ അപേക്ഷ നൽകുകയും ചെയതു. പ്രസ്തുത അപേക്ഷയും നിരസിച്ചുകൊണ്ട് ഞങ്ങളുടെ സർട്ടിഫിക്കറ്റ് ബുക്കുകൾ തിരികെ തരുകയാണ് ഉണ്ടായത്. ആയതിനാൽ ഞങ്ങൾ മേൽസൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെയും ഹൈക്കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഞങ്ങളുടെ എസ്.എസ്.എൽ.സി ബുക്കിലെ ക്രിസ്ത്യൻ മലഅരയൻ എന്ന ജാതി തിരുത്തി Christian RCSC (റോമൻ കത്തോലിക്ക) എന്നാക്കി തരുവാൻ ആവശ്യമായ ഉത്തരവുകൾ സമക്ഷത്തുനിന്നും പരീക്ഷാ ഭവൻ അധികൃതർക്ക് നൽകുന്നതുൾപ്പടെ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർഥിക്കുന്നു.

3. <u>നേരിൽ കേട്ട വേളയിൽ പരീക്ഷാ കമ്മീഷണർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

ശ്രീമതി. ദീപമാത്യു, ശ്രീമതി. ദിന്യമാത്യു എന്നിവർ WP(C) നം.22862/2022 -ൽ 18.07.2023-ലെ വിധിന്യായ പ്രകാരം 23.06.2023 തീയതിയിൽ തയ്യാറാക്കിയ അപേക്ഷ ഈ കാര്യാലയത്തിൽ സ്വീകരിക്കുകയും നിലവിലെ നിയമങ്ങൾ അനുസരിച്ച് ജാതി തിരുത്തണം എന്നുള്ള ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ തിരുത്തി നൽകിയിട്ടില്ല. ടി

വിഷയവുമായി ബന്ധപ്പെട്ടുള്ള വസ്തുതകൾ താഴെ നൽകുന്നു.

1) ശ്രീമതി. ദീപ മാത്യു എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ വർഷം മാർച്ച് 2002. ശ്രീമതി. ദിന്യ മാത്യു എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ വർഷം മാർച്ച് 2004.
2) സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ജാതി Christian Malayaraya
3) ശ്രീമതി. ദീപമാത്യു, ശ്രീമതി.ദിന്യമാത്യു എന്നിവരുടെ ജാതി വ്യക്തതപ്പെടുത്തിക്കൊണ്ട് The Scrutiny committee for verification of community ഉത്തരവിറക്കിയത് 19.10.2022
4) കോടതിവിധി വന്ന തീയതി 18.07.2023
5) കോടതി വിധിന്യായം 23.06.2023-ന് നൽകിയ അപേക്ഷ തീരുമാനം കൈക്കൊള്ളാതെ പരീക്ഷ ഭവനിൽ നിൽക്കുന്നതിനാൽ ആയത് വിധിന്യായം ലഭിച്ച് രണ്ട് മാസത്തിനകം തീർപ്പുകൽപ്പിച്ച് ഉത്തരവിറക്കണം എന്നാകുന്നു
6) 23.06.2023 തീയതി ഒപ്പ വച്ച് അപേക്ഷകൾ ഈ കാര്യാലയത്തിൽ ഇ എക്സ് /സിഎ3/56932/2023, ഇഎക്സ്/ബിഎ4/57015/2023 ഫയൽ നമ്പരായി സ്വീകരിക്കുകയും നിലവിലെ വ്യവസ്ഥ ആവശ്യപ്പെട്ടതുപോലെ ജാതി തിരുത്തി നൽകാൻ സാധ്യമല്ലാത്തതിനാൽ അപേക്ഷ നിരസിക്കുകയും ചെയ്തു.

എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി തിരുത്തുന്നത് നിലവിലുള്ള വ്യവസ്ഥ 14.03.1981 തീയതിയിലെ G.O (MS)8084/GAD ആകുന്നു. ആയതുപ്രകാരം ക്ലറിക്കൽ എറർ എന്ന പരിഗണനയിൽ (സ്കൂൾ രേഖകളിൽ നിന്നും വിഭിന്നമായാണ് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ നൽകിയിരിക്കുന്നതെങ്കിൽ) ആണ് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി, മതം, ജാതി വിഭാഗം എന്നിവ തിരുത്തി നൽകുന്നത്. സ്കൂൾ രേഖകളിൽ നിന്നും വിഭിന്നമായ തിരുത്തലുകൾക്ക് യഥാർത്ഥ ജാതി ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിനൊപ്പം അറ്റാച്ച് ചെയ്യാവുന്നതാണ്. ശ്രീമതി. ദീപമാത്യു, ശ്രീമതി. ദിന്യമാത്യു എന്നിവർ ജാതി ഗസറ്റിൽ വിജ്ഞാപനം ചെയ്തതായി കാണുന്നില്ല. നിലവിലെ വ്യവസ്ഥ പ്രകാരം ശ്രീമതി. ദീപമാത്യു, ശ്രീമതി. ദിന്യ മാത്യു എന്നിവർ ആവശ്യപ്പെട്ട പ്രകാരമുള്ള ജാതി എസ്.എസ്.എൽ.സി-ബുക്കിൽ തിരുത്തി നൽകുന്നതിന് നിർവ്വാഹമില്ല.

4. നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, പരീക്ഷാ കമ്മീഷണറുടെ റിപ്പോർട്ടിന്റെയും നിലവിൽ പ്രാബല്യത്തിലുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.ഗസറ്റ് വിജ്ഞാപന പ്രകാരം മാറ്റിയ പേര്, ജാതി, മതം എന്നിവ എസ്.എസ്.എൽ.സി യിൽ മാറ്റം വരുത്തി നൽകുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം വ്യവസ്ഥയില്ല . G.O.(Ms) 8084/GAD Dt: 14-03-1981 പ്രകാരം SSLC യിൽ മതവും ജാതിയും തിരുത്തുന്നത് സ്കൂൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എൻട്രികൾക്കനുസൃതമായാണ്. മേൽപ്പറഞ്ഞ ഉത്തരവിൽ നാളിതുവരെ ഒരു ഭേദഗതിയും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ സ്കൂൾ പ്രവേശന രജിസ്റ്ററിലും ഒന്നാം സ്റ്റാൻഡേർഡിലേക്കുള്ള സ്കൂൾ പ്രവേശന അപേക്ഷയിലും നൽകിയിട്ടുള്ള എൻട്രികൾ അനുസരിച്ച് മാത്രമേ എസ്.എസ്.എൽ.സിയിൽ മതവും ജാതിയും തിരുത്തി നൽകാൻ

നിലവിൽ നിർവ്വാഹമുള്ളൂ . ക്ലറിക്കൽ എറർ മാത്രമേ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ തിരുത്തി നൽകാൻ സാധിക്കുകയുള്ളൂ. സ്കൂൾ രേഖകളിൽ നിന്നും വിഭിന്നമായ തിരുത്തലുകൾക്ക് യഥാർത്ഥ ജാതി ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എസ് എസ് എൽ സി സർട്ടിഫിക്കറ്റിനൊപ്പം അറ്റാച്ച് ചെയ്യാവുന്നതാണ്.

5. മേൽ സാഹചര്യത്തിൽ എസ്.എസ്.എൽ.സി ബുക്കിലെ ക്രിസ്ത്യൻ മലഅരയൻ എന്ന ജാതി തിരുത്തി Christian RCSC (റോമൻ കത്തോലിക്ക) എന്നാക്കി തിരുത്തൽ വരുത്തണമെന്നഭ്യർഥിച്ച് ശ്രീമതി.ദീപ മാത്യു, ശ്രീമതി. ദിന്യ മാത്യു എന്നിവർ സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
UNDER SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.
ശ്രീമതി.ദീപ മാത്യു, പുളിയംമാക്കൽ വീട്, പടിക്കപ്പ് പി.ഒ, ഇരുമ്പുപാലം, ഇടുക്കി - 685 561
ശ്രീമതി.ദിന്യ മാത്യു, പുളിയംമാക്കൽ വീട്, പടിക്കപ്പ് പി.ഒ, ഇരുമ്പുപാലം, ഇടുക്കി - 685 561
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 17-01-2026 10:12:25